(ഡി) ഇതിനായി പ്രാഥമിക എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ എത്ര തുക വേണ്ടി വരുമെന്നാണ് കണക്കാക്കുന്നത് ?

ഉത്തരം

(എ) തുലാപ്പള്ളി, അട്ടത്തോട് പമ്പാവാലി എന്നീ സ്ഥലങ്ങളെ ഉൾപ്പെടുത്തി ഒരു ബൈ പാസ്സ് റോഡിന്റെ നിർമ്മാണത്തിലേയ്ക്കായി 273.70 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിട്ടുണ്ട്. ഈ പുതിയ റോഡിന് 13 കി.മീറ്റർ നീളവും 10 മീറ്റർ വീതിയും ഉദ്ദേശിക്കുന്നു. ഏകദേശം 15 ഹെക്ടർ സ്ഥലം അക്വയർ ചെയ്യേണ്ടതുണ്ട്. ഈ റോഡിനെക്കുറിച്ച് വിശദമായ പഠനം നടത്തുന്നതിനു ' നാറ്റ്പാക്കി'നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മലേഷ്യൻ ഗവൺമെന്റുമായി നടത്തിയ ചർച്ചയിൽ മണ്ണാറക്കുളഞ്ഞി-പമ്പ റോഡ് നിർമ്മിക്കുന്നതിന് ധാരണയായിട്ടുണ്ട്.

(ബി) ഉണ്ട്. 16 കി. മീറ്റർ ലാഭിക്കാവുന്നതാണ്.

(സി & ഡി) പരിസ്ഥിതി കമ്മിറ്റിയുടെ 5-1-2001-ലെ തീരുമാനപ്രകാരം പ്രാഥമിക സർവ്വേ നടത്തി ഒരു റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ട് പഠിച്ച ശേഷം ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

റബ്ബറൈസ്ഡ് റോഡ്

115 (703) ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതെല്ലാം റോഡുകൾ റബ്ബറൈസ് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട് ;

(ബി) ഇവയുടെ നിർമ്മാണം ഏതു ഘട്ടത്തിലാണ് ; റബ്ബറൈസ്ഡ് ബിറ്റുമെൻ ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നുമാണ് ലഭിക്കുന്നത് ;

(സി) ഈയിടെ മന്ത്രി നടത്തിയ മലേഷ്യൻ സന്ദർശനത്തിൽ റബ്ബറൈസ്ഡ് റോഡിന്റെ പ്രത്യേകതകളെക്കുറിച്ച് മനസ്സിലാക്കിയിരുന്നോ ; എങ്കിൽ അത് വിശദീകരിക്കാമോ ?

ഉത്തരം

(എ) റബ്ബറൈസ് ചെയ്യാൻ ഉദ്ദേശിക്കുന്ന റോഡുകളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

(ബി) പരീക്ഷണാടിസ്ഥാനത്തിൽ കോട്ടയം നാഗമ്പടം ജംഗ്ക്ഷനിൽ നിന്നും ഒരു കി.മീറ്റർ ദൂരം വരുന്ന റോഡ് ഭാഗം റബ്ബറൈസ്ഡ് ബിറ്റുമെൻ ഉപയോഗിച്ച് ടാർ ചെയ്തിട്ടുണ്ട്. റബ്ബറൈസ്ഡ് ബിറ്റുമെൻ ലഭ്യമാകുന്ന മുറയ്ക്ക് കൂടുതൽ റോഡുകളിൽ ടാർ ചെയ്യാവുന്നതാണ്. ഇപ്പോൾ കൊച്ചി റിഫൈനറിയിൽ നിന്നുമാണ് റബ്ബറൈസ്ഡ് ബിറ്റുമെൻ ലഭിക്കുന്നത്.

(സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly